## റൂളിംഗ്

മി. സ്പീക്കർ : കേന്ദ്രനിയമമായ പ്ലാന്റേഷൻ ലേബർ ആക്റ്റിൽ 2010-ൽ വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് രൂപീകരിക്കേണ്ട ചട്ടങ്ങൾ ഇതുവരെ രൂപീകരിച്ചിട്ടില്ല എന്നതാണ് ശ്രീ. എൻ.എ. നെല്ലിക്കുന്ന് ഉന്നയിച്ച ക്രമപ്രശ്നം. ഇതുവളരെ സീരിയസായ ഒന്നുതന്നെയാണ്. കേരള നിയമസഭയുടെ നടപടിചട്ടവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 238 (2)-ൽ 2010-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് ഒരു സ്റ്റാറ്റ്യൂട്ട് പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾക്ക് അനുസൃതമായി ഉണ്ടാക്കേണ്ടതായിട്ടുള്ള കരട് ചട്ടങ്ങൾ/ റെഗുലേഷനുകൾ, എത്രയുംവേഗം തയ്യാറാക്കേണ്ടതും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക്, ഏതൊരു സംഗതിയിലും പ്രസ്തുത ആക്റ്റിന്റെ ഗസറ്റിലെ പ്രസിദ്ധീകരണ തീയതി മുതൽ 90 ദിവസങ്ങൾക്ക് പിൻപ് അല്ലാതെ അയച്ചുകൊടുക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ശ്രീ. എൻ.എ. നെല്ലിക്കുന്ന് ചൂണ്ടിക്കാണിച്ച വിഷയത്തിൽ കാലതാമസം

ഉണ്ടായിട്ടുണ്ടെങ്കിലും ഇത് കേന്ദ്രനിയമത്തെ അടിസ്ഥാനമാക്കിയിട്ടുള്ള ചട്ടം ആയതിനാലും ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇതിനകം തന്നെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പ്രസ്താവിച്ചിട്ടുള്ളത് ചെയർ മുഖവിലയ്ക്ക് എടുക്കുന്നു. ചട്ടങ്ങൾ രൂപീകരിക്കുന്ന കാര്യത്തിൽ നിയമസഭാ ചട്ടം 238(2)-ൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി ബന്ധപ്പെട്ട വകുപ്പുകൾ പാലിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.